**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1674

. 10.02.2020 ൽ മറുപടിയ്ക്ക്

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :** | | **ശ്രീ. എ.സി. മൊയ്തീൻ** (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) | |
| (എ) | 2020-ൽ നടക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് ബാലറ്റ് പേപ്പർ ഉപയോഗിച്ച് തെരഞ്ഞെടുപ്പ് നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) & (ബി) | ഭരണഘടനയുടെ 243 K, 243 ZA എന്നീ അനുച്ഛേദങ്ങൾ പ്രകാരം യഥാക്രമം പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും വോട്ടർ പട്ടിക തയ്യാറാക്കലിന്റെയും തിരഞ്ഞെടുപ്പ് നടത്തിപ്പിന്റെയും ചുമതല സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനാണ് എന്നതിനാൽ ഇക്കാര്യത്തിൽ സർക്കാർ നടപടി സ്വീകരിക്കേണ്ട സാഹചര്യം നിലവിലില്ല. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2020-ൽ നടത്തുന്ന പൊതു തിരഞ്ഞെടുപ്പിന് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിക്കാനാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ |
| (ബി) | രാജ്യത്ത് ഇലക്ട്രോണിക് വോട്ടിംഗ് മെഷിനുകൾ ഉപയോഗിച്ച് നടന്ന തെരഞ്ഞെടുപ്പിൽ വോട്ടിംഗ് ക്രമക്കേട് ഉണ്ടായിട്ടുള്ളതായ വാർത്തകൾ പ്രചരിച്ചുകൊണ്ടിരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ അടുത്ത വർഷത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് പൂർണ്ണമായും ബാലറ്റ് പേപ്പർ ഉപയോഗിച്ച് നടത്തുന്നതിന് | | |

| | | | |
|---|---|---|---|
| | സർക്കാർ തലത്തിൽ തീരുമാനിച്ച് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനെ ചുമതലപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വെളിപ്പെടുത്താമോ; | | തീരുമാനിച്ചിട്ടുള്ളത്. |
| (സി) | ഇത്തരത്തിൽ ബാലറ്റിലേയ്ക്ക് മാറ്റുന്നതിന് എന്തെങ്കിലും നിയമ തടസ്സം ഉണ്ടോ; വ്യക്തമാക്കുമോ? | (സി) | കേരള പഞ്ചായത്ത് രാജ് ആക്റ്റ്, കേരള മുനിസിപ്പാലിറ്റി ആക്റ്റ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിയമ തടസ്സം ഉള്ളതായി കാണുന്നില്ല. |

Pradeepkumar

**സെക്ഷൻ ഓഫീസർ**